കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി 60 വയസ്സ് പൂർത്തിയായി വിരമിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ആവിഷ്കരിച്ച പെൻഷൻ പദ്ധതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ(എം.എസ്) നം. 59/2010/സാക്ഷേവ　　　　തീയതി, തിരുവനന്തപുരം, 21.08.2010

---

പരാമർശം: 1) സ.ഉ. (എം.എസ്) നം. 31/2009/സാക്ഷേവ തീയതി 07.08.2009.
2) സ.ഉ. (എം.എസ്) നം. 40/2009/സാക്ഷേവ തീയതി 16.09.2009.
3) സ.ഉ. (എം.എസ്) നം. 41/2009/സാക്ഷേവ തീയതി 18.09.2009.
4) ഡബ്ല്യൂ.പി (സി) നം.24529/2009ൽ ബഹു. കേരള ഹൈക്കോടതിയുടെ 26.07.2010-ലെ വിധിന്യായം.
5) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 11.06.2010-ലെ ഡി1-35193/2009 നമ്പർ കത്ത്.

## ഉത്തരവ്

ഐ.സി.ഡി.എസ്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തു പ്രവർത്തിക്കുന്ന അംഗൻവാടികളിൽ ജോലി ചെയ്യുന്ന വർക്കർമാരും ഹെൽപ്പർമാരും 60 വയസ്സ് പൂർത്തിയായി വിരമിക്കുമ്പോൾ അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി അംഗൻവാടി വർക്കർക്ക് 500 രൂപയും ഹെൽപ്പർക്ക് 300 രൂപയും പ്രതിമാസ പെൻഷൻ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. ഇതിനെതിരെ അംഗൻവാടി പ്രവർത്തകരും സംഘടനകളും ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളിന്മേൽ പെൻഷൻ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ സർക്കാർ തലത്തിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുകയും, പരാമർശം (4)-ലെ ബഹു. ഹൈക്കോടതിയുടെ 26.07.2010-ലെ വിധിന്യായ പ്രകാരം പ്രസ്തുത സ്റ്റേ പിൻവലിക്കുകയും പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ 2010 ഏപ്രിൽ മാസം 30-ാം തീയതി 60 വയസ്സ് പൂർത്തിയായിട്ടുള്ള എല്ലാ അംഗൻവാടി വർക്കർമാരെയും, ഹെൽപ്പർമാരേയും 2010 ആഗസ്റ്റ് 31-ന് (വൈകുന്നേരം) വിടുതൽ ചെയ്യുന്നതിനുള്ള സർക്കാർ അനുമതി നൽകണമെന്ന് സാമൂഹ്യക്ഷേമഡയറക്ടർ പരാമർശം (5)-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം 30.04.2010-വരെ 60 വയസ്സ് പൂർത്തിയാക്കിയവരും ഇപ്പോൾ ജോലിയിൽ തുടരുന്നവരുമായ അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും 31.08.2010-ൽ സർവ്വീസിൽ നിന്നും വിരമിച്ചതായി കണക്കാക്കി 1.09.2010 മുതൽ പെൻഷൻ അനുവദിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

PDF processed with CutePDF evaluation edition www.CutePDF.com

5. പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(1) മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. നളിനകുമാരി,
അഡീഷണൽ സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ
ശിശുവികസന പദ്ധതി ഓഫീസർമാർ (സാമൂഹ്യക്ഷേമ ഡയറക്ടർ മുഖാന്തിരം)
ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ്.
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

പകർപ്പ് : ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
സാമൂഹ്യക്ഷേമവകുപ്പ് സെക്രട്ടറിയുടെ പി. എസ്സ്.
സാമൂഹ്യക്ഷേമവകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എസ്സ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ